## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.205

28-11-2018 ൽ മറുപടിയ്ക്ക്

## താനൂർ ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) **2016-17** ബഡ്ജറ്റിൽ താനൂരിൽ അനുവദിച്ച ഫയർ സ്റ്റേഷൻ നാളിതുവരെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | എ) ഉണ്ട്. താനൂരിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഫയർസ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകി യിട്ടുണ്ട്. |
| ബി) വാടകയ്ക്ക് കണ്ടെത്തിയ കെട്ടിട ത്തിലും സ്ഥലത്തിലും ഫയർ സ്റ്റേഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | ബി) താനൂരിൽ വാടക കെട്ടിടത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് പരിയാപുരം വില്ലേജിലെ റീ സർവ്വേ നം.216/2 ൽ താനൂർ നഗരസഭ 22/102 നമ്പർ കെട്ടിടത്തോട് കൂടിയ 40 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിട്ടുള്ളതല്ല എന്ന് നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| സി) താനൂർ ഫയർ സ്റ്റേഷൻ സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ 2017-ൽ ഉണ്ടായിരുന്ന F2/348/17 എന്ന ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) എഫ്2/348/2017/ആഭ്യന്തരം നമ്പർ ഫയലിൽ താനൂർ ഫയർസ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യവും തസ്തികകളും ഇതര അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണെന്ന് വകുപ്പ് മേധാവിയെ അറിയിച്ചിട്ടുണ്ട്. |
| ഡി) | ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിലവിലുള്ള F2/436/18-ലെ നമ്പർ ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ഡി) | താനൂർ ഫയർസ്റ്റേഷന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | താനൂരിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് താനൂരിൽ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | ഇ) | ഫയർസ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായ ശേഷം ഭരണാനുമതി നൽകി, ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ